**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 610** **28-01-2026 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് വ്യവസായ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞങ്ങാട് വ്യവസായ പാർക്ക് സ്ഥാപിക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | കാഞ്ഞങ്ങാട് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ചുറ്റുമതിൽ, അപ്രോച്ച് റോഡ്, ആഭ്യന്തര റോഡ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സബ്സ്റ്റേഷൻ സ്ഥാപിക്കൽ, ഭൂമി നിരപ്പാക്കൽ എന്നിവയുടെ നടപടികളും നടന്നു വരുന്നു. |
| (ബി) | കാഞ്ഞങ്ങാട് വ്യവസായ പാർക്കുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും; ഇനിയും എന്തൊക്കെ നടപടികൾ പൂർത്തീകരിക്കാനുണ്ടെന്നും വിശദമാക്കാമോ? | (ബി) | ചുറ്റുമതിൽ നിർമ്മാണം 85% പൂർത്തിയായി. അപ്രോച്ച് റോഡ് ലെവലിങ് പ്രവർത്തി 55% പൂർത്തിയായി. ആഭ്യന്തര റോഡ് അലൈൻമെന്റ് പ്രവർത്തി 60% പൂർത്തിയായി. 240 KVA താത്കാലിക കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. 110KV സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 31 സംരംഭകർക്ക് ആദ്യഘട്ടമായി സ്ഥലം അനുവദിച്ചിട്ടുണ്ട്. വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനായി ഭൂമി നിരപ്പാക്കിയെടുക്കുന്ന ജോലി ആരംഭിച്ചിട്ടുണ്ട്.<br><br>ചുറ്റുമതിൽ, അപ്രോച്ച് റോഡ്, ആഭ്യന്തര റോഡ്, സബ്സ്റ്റേഷൻ എന്നിവയുടെ നിർമ്മാണം പൂർത്തിയാവാനുണ്ട്. |

സെക്ഷൻ ഓഫീസർ